കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബുധനൂർ ഗ്രാമപഞ്ചായത്ത്‌ത്- 2017-18 വാർഷിക പദ്ധതിയിൽ കൃഷി മേഖലയിൽ ഉൾപ്പെടുത്തിയ 4 പ്രോജക്ടുകൾ- പച്ചക്കറിക്കാവശ്യമായ ജൈവവളവും തെങ്ങ് കൃഷിക്കാവശ്യമായ രാസവളവും ബുധനൂർ സർവ്വീസ് സഹകരണ ബാങ്ക് വളം ഡിപ്പോയിൽ നിന്ന് കൃഷി ഭവൻ നേരിട്ട് വാങ്ങി ഗുണഭോക്താക്കൾക്ക് നൽകാൻ അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.2335/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 31.08.2018

പരാമർശം :- 1. ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.08.2018-ലെ 2895/2018/DPC/DPO/ALP നമ്പർ കത്ത്

2. ബുധനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08.08.2018-ലെ BDHNR/GP/P-679/18-ാം നമ്പർ കത്തും

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2018-ലെ തീരുമാനം നം. 4.37

ഉത്തരവ്

ബുധനൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിലെ താഴെപ്പറയുന്ന പ്രോജക്ടുകൾ കൃഷി മേഖലയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

| പ്രോ.നം | പ്രോജക്റ്റിന്റെ പേര് | അടങ്കൽ |
|---|---|---|
| 1) 57/19 | ജൈവ പച്ചക്കറി കൃഷി - ജനറൽ | 4,99,920/- രൂപ |
| 2) 69/19 | ജൈവ പച്ചക്കറി കൃഷി - SCSP | 1,02,300/- രൂപ |
| 3) 61/19 | തെങ്ങ് കൃഷി വികസനം - ജനറൽ | 10,98,775/- രൂപ |
| 4) 62/19 | തെങ്ങ് കൃഷി വികസനം - SCSP | 3,00,000/- രൂപ |

പ്രസ്തുത പ്രോജക്ടുകളുടെ ഗുണഭോക്തൃ വിഹിതം കൃഷി ഭവനിൽ ശേഖരിച്ച് പച്ചക്കറിക്കാവശ്യമായ ജൈവവളവും തെങ്ങ് കൃഷിക്കാവശ്യമായ രാസവളവും ബുധനൂർ സർവ്വീസ് സഹകരണ ബാങ്ക് വളം ഡിപ്പോയിൽ നിന്ന് കൃഷി ഭവൻ നേരിട്ട് വാങ്ങി ഗുണഭോക്താക്കൾക്ക് നൽകാൻ അനുമതി നൽകണമെന്നും പരാമർശം(1)കത്തു പ്രകാരം ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

2) 13.08.18 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇക്കാര്യം പരിശോധിച്ചു. ടി യോഗത്തിന്റെ 4.37 നമ്പർ തീരുമാനപ്രകാരം വളത്തിന്റെ ഗുണനിലവാരം കൃഷി ഓഫീസർ ഉറപ്പാക്കേണ്ടതാണെന്ന നിബന്ധനയോടെ മേൽപ്പറയുന്ന

പ്രോജക്ടുകളുടെ ഗുണഭോക്തൃ വിഹിതം കൃഷി ഭവനിൽ ശേഖരിച്ച് പച്ചക്കറിക്കാവശ്യമായ ജൈവവളവും തെങ്ങ് കൃഷിക്കാവശ്യമായ രാസവളവും ബുധനൂർ സർവ്വീസ് സഹകരണ ബാങ്ക് വളം ഡിപ്പോയിൽ നിന്ന് കൃഷി ഭവൻ നേരിട്ട് വാങ്ങി ഗുണഭോക്താക്കൾക്ക് നൽകാൻ ബുധനൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
പ്രസിഡണ്ട്, ബുധനൂർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്:-** ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (റൂറൽ) യുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി (അർബൻ) യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം
(signature)
സെക്ഷൻ ഓഫീസർ